പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4012</u> | <u>27-06-2012 - ൽ മറുപടിയ്ക്ക്</u>

## <u>ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി</u>

| <u>ചോദ്യം</u><br>ശ്രീ.കെ.കെ.ജയചന്ദ്രൻ | <u>മറുപടി</u><br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിപ്രകാരം സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലായി എത്ര കുളം നിർമ്മിച്ചിട്ടുണ്ട്; ഈ പദ്ധതി ഏത് ഘട്ടത്തിലാണ് എന്നത് സംബന്ധിച്ച് വിശദാംശം നൽകുമോ;<br><br>(ബി) ഈ വർഷംതന്നെ എല്ലാ പഞ്ചായത്തുകളിലും കുളം നിർമ്മിച്ച് നൽകുമോ ; | (എ) & (ബി)<br>ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിപ്രകാരം കുളങ്ങളുടെ നവീകരണമാണ് ഉദ്ദേശിക്കുന്നത്. അതിനായി 2012-13 ബഡ്ജറ്റ് Speech-ൽ 47.00 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ച് നവീകരിക്കേണ്ട കുളങ്ങളുടെ ഒന്നാംഘട്ട പട്ടിക സർക്കാർ പരിശോധിച്ചു വരുന്നു. സർക്കാരിൽ നിന്നും ഭരണാനുമതി നൽകുന്ന മുറയ്ക്ക് കുളങ്ങളുടെ പുനരുദ്ധാരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) പദ്ധതിപ്രകാരം നിർമ്മിക്കുന്ന കുളങ്ങൾ എപ്രകാരം ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; ഇവയുടെ നിയന്ത്രണം ആരുടെ മേൽനോട്ടത്തിലായിരിക്കും ? | (സി) കൃഷിക്കും ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കുമായി ഉപയോഗപ്പെടുത്താനാണുദ്ദേശിക്കുന്നത്. കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലാണ്. |

സെക്ഷൻ ഓഫീസർ.